രാജ്ശ്രീ പ്രൊഡക്ഷൻസ്

അവതരിപ്പിക്കുന്ന

# മുത്തശ്ശി

(ഒരു സജ്ഞം പിക്ചേഴ്സ് പ്രൊഡക്ഷൻ)

നിർമ്മാണം സംവിധാനം

ടി.സി.ബർജാത്യാ • പി.ഭാസ്കരൻ

RAJSHRI RELEASE



*Rajshri Productions (P) Ltd., Present*

# "MUTHASSI"

(A Sargam Pictures P. Ltd., Production)

| *Produced by:* | *Direction:* |
|---|---|
| T. C. BARJATYA. | P. BHASKARAN |

## *ON THE SCREEN*

| | |
|---|---|
| Prem Nazir | Venu |
| Sheela | Susi and Geetha |
| Aranmula Ponnamma | Muthassi |
| Jose Prakash | Unnikrishnan |
| Ummer | Vikraman |
| Bahadur | Raghava Menon |
| Alummoodan | Sankara Menon |
| Veeran | Cook |
| Meena | Meenakshi Kutty |
| Philomina | Madhavi Kutty |
| Mala | Nani Kutty |
| Kamala | Ammalu |
| Fareed | Advocate |
| Baby Rani | Baiju |
| Baby Rajini | Babu |
| Baby Sumathi | Rekha |
| Guest Artiste: | Ragini as Mary. |
| Play back artistes | Yesudass<br>S. Janaki<br>Jayachandran |

# കഥാസാരം

ഈശ്വരിയമ്മ ഒരുന്നത തറവാട്ടുകാരിയാണ്. സമ്പന്നയും ഐശ്വര്യവതിയുമായ അവർ ഒരു വിധവയാണ്. അവക്കൊരു സഹോദരനും സഹോദരിയും. ഉണ്ണികൃഷ്ണനും വേണുവും സഹോദരിയുടെ മക്കൾ. വിക്രമനും രണ്ടുസഹോദരിമാരും സഹോദരന്റെ മക്കൾ.

സന്താനഭാഗ്യമില്ലാതിരുന്ന ഈശ്വരിയമ്മ, ഉണ്ണികൃഷ്ണനേയും വേണുവിനേയും ദത്തെടുത്തു. അവരെ വളർത്തി പഠിപ്പിച്ചതു് ഈശ്വരിയമ്മയാണ്. മൂത്തവനായ ഉണ്ണികൃഷ്ണൻ ഉദ്യോഗവുമായി ബാംഗ്ളൂരിൽ കഴിയുന്നതിനിടയിലാണു മേരി എന്നുപേരായ ഒരു കൃസ്ത്യൻയുവതിയെ വിവാഹം ചെയ്തതു്. കടുത്ത യാഥാസ്ഥിതികയായ ഈശ്വരിയമ്മയ്ക്കു് അതു സഹിക്കാൻ കഴിഞ്ഞില്ല. അവർ, ഉണ്ണികൃഷ്ണൻ മരിച്ചുപോയതായി സങ്കല്പിച്ചുകൊണ്ടു് തറവാട്ടിൽ അതിനുള്ള ഉദകക്രിയകളും നടത്തി. എന്നുമാത്രമല്ല, തന്റെ സ്വത്തുമുഴുവൻ വേണുവിനും വിക്രമനും വിക്രമന്റെ സഹോദരിമാർക്കുമായി ഇഷ്ടദാനമെഴുതിവയ്ക്കുകയും ചെയ്തു.

വേണു, തന്റെ വക്കീൽപണിയുമായി ഈശ്വരിയമ്മയോടൊന്നിച്ചു് തറവാട്ടിൽത്തന്നെ കഴിയുകയാണ്. വിക്രമനാണെങ്കിൽ ഈശ്വരിയമ്മ വിളിക്കാതെതന്നെ തറവാട്ടിൽ വന്നുകൂടിയിരിക്കുകയാണ്. വിക്രമന്റെ സഹോദരിമാർ രണ്ടുപേരും വിവാഹിതരാണെങ്കിലും അവരും ഇടയ്ക്കിടയ്ക്കു് ഭർത്താക്കന്മാരോടൊന്നിച്ചു് തറവാട്ടിൽവന്നു് ഈശ്വരിയമ്മയെ പ്രസാദിപ്പിച്ചു് എന്തെങ്കിലുമൊക്കെ തട്ടിക്കൊണ്ടുപോകാറുണ്ടു്.

ഉണ്ണികൃഷ്ണൻ ഭാര്യയായ മേരിയോടും മൂന്നുമക്കളോടുമൊന്നിച്ചു് ബാംഗ്ളൂരിൽത്തന്നെ സ്ഥിരതാമസമാക്കിയിരിക്കുകയാണ്. മേരിയുടെ അനുജത്തിയും കോളേജ്‌വിദ്യാർത്ഥിനിയുമായ സൂസിയും അവരോടൊന്നിച്ചാണ് താമസം.

വേണു, ഈശ്വരിയമ്മ അറിയാതെ ബാംഗ്ളൂരിൽ ഉണ്ണികൃഷ്ണന്റെ വീട്ടിൽ പോകാറുണ്ടു്. അടിക്കടിയുള്ള ഈ സന്ദർശനം, വേണുവും സൂസിയുമായുള്ള പ്രേമത്തിലാണു കലാശിച്ചതു്. അപ്രതീക്ഷിതമായ ഒരു സംഭവം കാരണം പെട്ടെന്നവരുടെ വിവാഹവും നടന്നു. ഈ വിവരം ഈശ്വരിയമ്മയെ അറിയിച്ചില്ല. കല്യാണം കഴിഞ്ഞിട്ടും സൂസി, ഉണ്ണികൃഷ്ണന്റെ വീട്ടിൽത്തന്നെയായിരുന്നു. വേണു തറവാട്ടിലേയ്ക്കു മടങ്ങിപ്പോയി.

ഉണ്ണികൃഷ്ണനും മേരിയും ഒരു സ്കൂട്ടറപകടത്തിൽപെട്ടുമരിച്ചപ്പോൾ അനാഥരായ കുട്ടികളെ മൂന്നുപേരെയും വേണുവിന്റെ ശ്രമഫലമായി ഈശ്വരിയമ്മയുടെ തറവാട്ടിലേയ്ക്കു കൊണ്ടുവന്നു. സൂസി, വേണുവിന്റെ ഭാര്യയാണെങ്കിലും കൃസ്ത്യൻ പെണ്ണായതുകൊണ്ടു് തറവാട്ടിലേയ്ക്കു കൊണ്ടുവരുന്നതിനെക്കുറിച്ചു് ആലോചിക്കാൻപോലും നിവൃത്തിയില്ല. സൂസിയെ ബാംഗ്ളൂരിൽത്തന്നെ ഒരു കോൺവെന്റിൽ താമസിപ്പിച്ചിട്ടാണ് വേണു കുട്ടികളേയും

കൊണ്ടുപോന്നതു്. നാട്ടിൻപുറത്തുകാരിയായ ഈശ്വരിയമ്മയ്ക്കും പട്ടണത്തിൽ വളന്ന കുട്ടികൾക്കും പൊരുത്തപ്പെടാൻ കഴിയാത്ത പലതും തറവാട്ടിൽ സംഭവിച്ചുകൊണ്ടിരുന്നു. എന്നാലും ആ കുട്ടികളോട് എന്തെന്നില്ലാത്ത വാത്സല്യമായിരുന്നു ഈശ്വരിയമ്മക്ക. അവസാനം കുട്ടികളുടെ നിർബ്ബന്ധത്തിനുമുന്നിൽ പരാജയപ്പെട്ട ഈശ്വരിയമ്മ ബാംഗ്ലൂരിൽനിന്നും സൂസിയെക്കൂടി തറവാട്ടിലേയ്ക്ക വരുത്തി ഗീത എന്നുപേരുള്ള ഒരു ഹിന്ദുയുവതിയായിട്ടാണു് സൂസി തറവാട്ടിൽ എത്തിയതു്. അവളെ വരുത്തിയതു് കുട്ടികൾക്ക ട്യൂഷനെടുക്കുവാനും. ഇതിന്റെയെല്ലാം പിന്നിൽ വേണുവിന്റെ ബുദ്ധിയും തന്ത്രവും പ്രവത്തിക്കുന്ന കാര്യം ഈശ്വരിയമ്മയൊട്ടറിഞ്ഞതുമില്ല.

സൂസിയും വേണുവും യാതൊരു പരിചയവുമില്ലാത്തവരെപ്പോലെയാണു് തറവാട്ടിൽ കഴിയുന്നതു്. പക്ഷേ വിക്രമൻ പ്രേമവുമായി സൂസിയുടെ പിന്നാലെ കൂടാൻ തുടങ്ങിയപ്പോൾ സൂസിയും വേണുവും ഒരുപോലെ ധമ്മസങ്കടത്തിലായി. അതിനോടനുബന്ധിച്ചു രസകരമായ പലതും സംഭവിക്കുവാനും തുടങ്ങി. എന്നാലും വളരെ രഹസ്യമായിട്ടാണെങ്കിലും, ഒന്നുരണ്ടുപ്രാവശ്യമെങ്കിലും ഭാര്യാഭത്താക്കന്മാരെപോലെ കഴിയുവാൻ വേണുവിനും സൂസിക്കും ഭാഗ്യമുണ്ടായി.

കുട്ടികളോടുള്ള വാത്സല്യം മൂർദ്ധന്യത്തിലെത്തിയപ്പോൾ അവക്കുകൂടി തന്റെ സ്വത്തിൽ അവകാശമുണ്ടാകത്തക്കവിധം തന്റെ വിൽപത്രം ഒന്നു മാററിയെഴുതുവാൻ ഈശ്വരിയമ്മ തീരുമാനിച്ചു ഈ വിവരമറിഞ്ഞ വിക്രമനും സഹോദരിമാരും കൂടി വിൽപത്രം മാററിയെഴുതുന്നതിനുമുമ്പുതന്നെ ഈശ്വരിയമ്മയെ പൊന്നുകളയാൻ നടത്തിയ ശ്രമം വേണുവും സൂസിയും കുട്ടികളുംകൂടി പരാജയപ്പെടുത്തി. പക്ഷേ വിക്രമന്റേയും സഹോദരിമാരുടേയും ഈ വധോദ്യമം അവർ ഈശ്വരിയമ്മയെ അറിയിച്ചതുമില്ല

ഇതിനിടയിൽ സൂസി ഗർഭിണിയായി. വിവരം ഈശ്വരിയമ്മയും അറിഞ്ഞു. അവർ സൂസിയെ ആട്ടിപ്പുറത്താക്കുവാൻ ശ്രമിച്ചപ്പോൾ, ഒളിച്ചുവച്ചിരുന്ന എല്ലാരഹസ്യങ്ങളും വേണു തുറന്നുപറഞ്ഞു. ഗീത എന്നുള്ളപേരിൽ അതുവരെ തറവാട്ടിൽ കഴിഞ്ഞിരുന്നവൾ ഒരു കൃസ്ത്യാനി പെണ്ണാണെന്നുകൂടി അറിഞ്ഞപ്പോൾ കലിയിളകിയ ഈശ്വരിയമ്മ, വേണുവിനേയും സൂസിയേയും തറവാട്ടിൽ നിന്നു് അടിച്ചിറക്കി. വേണുവിനേയും സൂസിയേയും പിരിഞ്ഞു ജീവിക്കാൻ ഇഷ്ടമില്ലാത്ത കുട്ടികൾ മൂന്നുപേരും അന്നുരാത്രിയിൽ തറവാട്ടിൽനിന്നും ഒളിച്ചോടി. അവർ മൂന്നുപേരുംകൂടി വേണുവിനേയും സൂസിയേയും തേടി പുറപ്പെട്ടിരിക്കുകയാണു്. കുട്ടികൾ തറവാട്ടിൽനിന്നു കടന്നുകളഞ്ഞവിവരമറിഞ്ഞു് ഈശ്വരിയമ്മ, മററുള്ളവരോടൊന്നിച്ചു് കുട്ടികളെ അന്വേഷിച്ചുപുറപ്പെട്ടു. തുടന്നുണ്ടായ, ഞെട്ടിപ്പിക്കുന്ന സംഭവവികാസങ്ങളെല്ലാം നിങ്ങൾ സ്ക്രീനിൽ കാണുക.

# ഗാനം 1

രചന:
പി. ഭാസ്കരൻ

പാടിയത്:
യേശുദാസ്

മുല്ലകൾ ഇന്നലെ യാരാമ ലക്ഷ്മിയ്ക്ക്
കല്ലുവെച്ചൊരു കമ്മൽ കൊടുത്തു-
കാററു വന്നതു കവന്നെടുത്തു-
കണ്ടതു നമ്മൾ മാത്രം-കണ്ടതു നമ്മൾ മാത്രം-
മുല്ലകൾ ഇന്നലെയാരാമ ലക്ഷ്മിയ്ക്ക്
കല്ലുവെച്ചൊരു കമ്മൽ കൊടുത്തു.

സുരഭില ലതാഗൃഹത്തിൽ
സുന്ദരച്ഛായാതലത്തിൽ
മത്സഖി, നിൻ മടിയിൽ മയങ്ങി ഞാൻ-
മദ്ധ്യാഹ്ന സ്വപ്നത്തെ പുണർന്നപ്പോൾ-
മുല്ലകൾ ഇന്നലെ ആരാമലക്ഷ്മിയ്ക്ക്
കല്ലുവെച്ചൊരു കമ്മൽകൊടുത്തു-

ഉപവനപ്പൊയ്കതൻ നടുവിൽ
ഉല്ലാസനൗകതൻ പടിയിൽ
സ്വപ്നസഖീ, നിൻ ഗാനം കേട്ടുഞാൻ
സ്വർഗ്ഗീയ ലഹരിയിൽ അലിഞ്ഞപ്പോൾ-

അനുരാഗമാലിനിയ്ക്കരുകിൽ-
ആശതൻ കദളീവനിയിൽ
നളിനമുഖീനിൻ കവിളിലെൻ കൈവിരൽ
നവനവചിത്രങ്ങൾ എഴുതുമ്പോൾ

മുല്ലകൾ ഇന്നലെയാരാമലക്ഷ്മിക്ക്
കല്ലുവെച്ചൊരു കമ്മൽ കൊടുത്തു-
കാററുവന്നതു കവന്നെടുത്തു
കണ്ടതു നമ്മൾ മാത്രം
കണ്ടതുനമ്മൾ മാത്രം

## 2

രചന: പാടിയതു്:

പി. ഭാസ്ക്കരൻ ജയചന്ദ്രൻ (റേഡിയോഗാനം)

ഹർഷ ബാഷ്പം തൂകി-
വർഷ പഞ്ചമി വന്നു
ഇന്ദുമുഖീ, ഇന്നുരാവിൽ
എന്തുചെയ്വൂ നീ–
എന്തുചെയ്വൂ നീ.

ഹർഷ ബാഷ്പം തൂകി–
വർഷ പഞ്ചമിവന്നു
ഇന്ദുമുഖീ, ഇന്നുരാവിൽ
എന്തുചെയ്വൂ നീ
എന്തുചെയ്വൂ നീ.

ഏതു സ്വപ്നപുഷ്പവനം നീ തിരയുന്നു-
ഏതു രാഗകല്പനയിൽ നീമുഴുകുന്നു-
വിണ്ണിലെ സുധാകരനോ, വിരഹിയായ കാമുകനോ-
ഇന്നുനിൻെറ ചിന്തകളെ ആരുണർത്തുന്നു-
സഖി, ആരുണർത്തുന്നു
ഹർഷബാഷ്പം തൂകി
വർഷപഞ്ചമിവന്നു
ഇന്ദുമുഖീ, ഇന്നുരാവിൽ എന്തുചെയ്വൂ നീ
എന്തുചെയ്വൂ നീ

ശ്രാവണ നിശീഥിനിതൻ പൂവനം തളിർത്തു
പാതിരാവിൽ താഴ്വരയിലെ പവിഴമല്ലികപൂത്തു-
വിഫലമായമധുവിധുവാൽ–
വിരഹശോകസ്മരണകളാൽ–
അകാലയെൻ കിനാക്കളുമായ്
ഞാനിരിക്കുന്നു–സഖീ,ഞാനിരിക്കുന്നു

ഹർഷബാഷ്പം, തൂകി വർഷപഞ്ചമിവന്നു-
ഇന്ദുമുഖീ, ഇന്നുരാവിൽ എന്തുചെയ്വൂ നീ-
എന്തുചെയ്വൂ നീ-

# 3

രചന — പാടിയതു്

പി. ഭാസ്കരൻ — യേശുദാസ്, ജാനകി

പ്രേമ കൌമുദി മലർമഴ ചൊരിഞ്ഞു
ഭൂമിയും വാനവും ഉണർന്നു–
അല്ലിയാമ്പലുകൾ ആയിരം സ്വപ്നങ്ങൾ
മെല്ലെമനസ്സിൽ വിരിഞ്ഞു–
അലിയാം... ...
നമുക്കലിയാം....

ഈ അനുരാഗ സംഗീത വീചികളിൽ
പ്രേമ കൌമുദി മലർമഴ ചൊരിഞ്ഞു–
ഭൂമിയും വാനവും ഉണർന്നു–
ഇന്നുരാവിൽ, ഈ നിലാവിൽ
എന്റെ ഹൃദയ ദലങ്ങൾ തോറും
ഇന്നുരാവിൽ, ഈ നിലാവിൽ
എന്റെ ഹൃദയ ദലങ്ങൾ തോറും
കാമിനി നിൻ, കടമിഴിമുനകൾ
പ്രേമ കവിതകൾ എഴുതിനിറച്ചു–
നിറയെ... ... ...

അതു നിറയേ... ...
ഈ നവരാഗനാടക കഥമാത്രം–
പ്രേമ കൌമുദി മലർമഴ ചൊരിഞ്ഞു
ഭൂമിയും വാനവും ഉണർന്നു–
ഇന്ദ്രജാലക്കാരൻ സ്നേഹം
ഇന്നു കാട്ടും കരുമനയാലെ
ഇന്ദ്രജാലക്കാരൻ സ്നേഹം
ഇന്നു കാട്ടും കരുമനയാലെ
നമ്മളേതോ, മാസ്മരനിദ്രയിൽ
നമ്മേത്തന്നെ മറന്നുനടപ്പൂ–
അലയാം–....
നമുക്കലയാം–........

ഈ അനുഭൂതി തൻ മൂകവിജനതയിൽ–

പ്രേമ കൌമുദി മലർമഴ ചൊരിഞ്ഞു-
ഭൂമിയും വാനവും ഉണർന്നു-.....
അല്ലിയാമ്പലുകൾ ആയിരം സ്വപ്നങ്ങൾ
മെല്ലെ മനസ്സിൽ വിരിഞ്ഞു-
അലിയാം......
നമുക്കലിയാം.........
ഈ അനുരാഗ സംഗീത വീചികളിൽ
പ്രേമ കൌമുദി മലർമഴ ചൊരിഞ്ഞു-
ഭൂമിയും വാനവും ഉണർന്നു.....

## 4

രചന:
പി. ഭാസ്കരൻ

പാടിയത്
ജാനകി & പാർട്ടി

പമ്പയാറിൻ പനിനീർക്കടവിൽ
പന്തലിച്ചൊരു പൂമരത്തണലിൽ
ഒരുദിനമൊരുദിനമൊരുദിനം നമ്മൾക്ക്
വന ഭോജനത്തിന് പോകാം......
വനഭോജനത്തിന് പോകാം
പമ്പയാറിൻ പനിനീർക്കടവിൽ
പന്തലിച്ചൊരു പൂമരത്തണലിൽ
ഒരുദിനമൊരുദിനമൊരുദിനം നമ്മൾക്ക്
വനഭോജനത്തിന് പോകാം—
വനഭോജനത്തിന് പോകാം—
കാട്ടിൻ നടുവിൽ കേൾക്കാമപ്പോൾ വാദ്യസംഗീതം—
നല്ലൊരു വാദ്യസംഗീതം--
കുയിലും കുരുവിയും ഊതിനടക്കും
കുഴലിന്റെ പേരെന്ത്? ......
ഫ്ളൂട്ട്.........
ഫ്ളൂട്ട് . ......
ഹഹാ ഹഹാ ഹഹാ.........
ലല്ലാ ലല്ലാല്ലാല... ലാലല്ലാ... ലാ-ലാ-ലാ—
പമ്പയാറിൻ പനിനീർക്കടവിൽ
പന്തലിച്ചൊരു പൂമരത്തണലിൽ

ഒരുദിനമൊരുദിനമൊരുദിനം നമ്മൾക്ക്
വനഭോജനത്തിന് പോകാം–
വനഭോജനത്തിന് പോകാം–
കാട്ടിൽ നടക്കും ആനത്തലവൻ
നീട്ടിവിളിക്കുവതെന്താണ് ?–
ടുംപററ് ... ...
ടുംപററ് ... ...
നദിയുടെ മാറിൽ കളിരലമെല്ലെ
പുതിയൊരുവാദ്യം വായിച്ചു !
ജലതരംഗം ... ...
ജലതരംഗം ... ... ... ...
ഹാഹാഹാ ... ... ഹാഹാഹഹാ ... ... ... ... ... ... ... ... ... ...
ലല്ലാലലാ ... ... ലല്ലാലലാ ... ... ... ... ... ... .. ... ... ... ...
പമ്പയാറിൻ പനിനീർക്കടവിൽ
പന്തലിച്ചൊരു പൂമരത്തണലിൽ
ഒരുദിനമൊരുദിനമൊരുദിനം നമ്മൾക്ക്
വനഭോജനത്തിനു പോകാം–
വനഭോജനത്തിനു പോകാം–
വാനിൽ മുകിലുകളിടിനാദത്തിൽ
വായിക്കുന്നൊരു നവമേളം-?
മൃദംഗം ... .
തബല ...
തബല ...
ബിഗ്ഡ്രം ...
ലിററിൽഡ്രം–
ബിഗ്ഡ്രം–ലിററിൽഡ്രം–
ബിഗ്ഡ്രം–ലിററിൽഡ്രം–
ഹഹാഹഹാ–ഹഹാഹഹാ.-
ലല്ലാലലാ-.ലല്ലാലലാ ... ... ... ... ... ... ... ...
പമ്പയാറിൻ പനിനീർക്കടവിൽ
പന്തലിച്ചൊരു പൂമരത്തണലിൽ
ഒരുദിനമൊരുദിനമൊരുദിനം നമ്മൾക്ക്
വനഭോജനത്തിന് പോകാം-
വനഭോജനത്തിന് പോകാം–

# 5

രചന:
പി. ഭാസ്കരൻ

പാടിയതു്:
കൗസല്യ, അഞ്ജലി &
അരുണ

മീശക്കാരൻ കേശവന്ന് ദോശതിന്നാൻ ആശ
ദോശവാങ്ങാൻ കാശിനായി തപ്പിനോക്കികീശ.
മീശക്കാരൻ കേശവന്ന് ദോശതിന്നാൻ ആശ
ദോശവാങ്ങാൻ കാശിനായി തപ്പിനോക്കി കീശ.

കീശയിലും കാശില്ലാ–മേശയിലും കാശില്ലാ–
കീശയിലുംകാശില്ലാ–മേശയിലും കാശില്ലാ–
പൈസയില്ലാതപ്പോളവന്നേറിവന്നുവാശി–
അവന്നേറിവന്നു വാശി–
മീശക്കാരൻ കേശവന്ന് ദോശതിന്നാനാശ
ദോശതിന്നാൻ കാശിനായി തപ്പിനോക്കി കീശ.

ദോശക്കാരൻ ആശാനപ്പോഠം മീശവയ്ക്കാനാശ–
ഒരു മീശവയ്ക്കാനാശ–
ദീക്ഷവച്ചു നോക്കിയിട്ടും നീളുന്നില്ലാമീശ–
അയ്യോ നീളുന്നില്ലാമീശ.
മീശക്കാരൻ കേശവന്ന് ദോശതിന്നാൻ ആശ
ദോശവാങ്ങാൻ കാശിനായി തപ്പിനോക്കി കീശ.

മൂക്കേലും മീശയില്ലാ–താടിയിലും മീശയില്ലാ–
മൂക്കേലും മീശയില്ലാ–താടിയിലും മീശയില്ലാ–
മീശവയ്ക്കാനപ്പോളവന്നേറിവന്നു മോഹം
അവന്നേറിവന്നു മോഹം.
മീശക്കാരൻ കേശവന്ന ദോശതിന്നാനാശ–
ദോശവാങ്ങാൻ കാശിനായി തപ്പിനോക്കി കീശ.

ദോശകൊടുത്തു ആശാൻ മീശചോദിച്ചു–
ദോശവാങ്ങിച്ചു കേശു വയറു നിറച്ചു.
മീശപറിച്ചു അപ്പോഠം മീശവന്നില്ലാ–
വാശിമൂഴത്തു ആശാൻ കേറിയടിച്ചു–
വാശിമൂഴത്തു ആശാൻ കേറിയടിച്ചു–
അടിപിടി–തമ്മിലടി–എബിസിഡി–കടിപിടി–
അടിപിടി–തമ്മിലടി–എബിസിഡി–കടിപിടി–
അടിപിടി–തമ്മിലടി–എബിസിഡി–കടിപിടി.

| | |
|---|---|
| Story by: | INDU |
| Screenplay & dialogue. | S. L. PURAM |
| Lyrics: | P. BHASKARAN |
| Music: | V. DAKSHINAMOORTHY |
| Songs Recording & Re-recording | KANNAN (Bharani Studio) |
| Dialogue recording: | K. R. RAMASWAMY (Prasad-Studios) |
| Art: | S. KONNANATT |
| Makeup | SUDHAKARAN |
| Costumes | T. GOVINDARAJ |
| Dance Direction | MADHAVAN |
| Stills | SRI LAKSHMI ARTS |
| Publicity designs | S. A. NAIR |
| Printing & Processing | AVM Film Laboratory |
| Studio | PRASAD |
| Production Management | R BALU |
| Production Controller | R. K. NAIR |
| Editing | K. NARAYANAN |
| Assistant Directors | P. VIJAYAN & GOPI |
| Photography | C. RAMACHANDRAN |
| Co-Producers | NIRMALCHAND SONI<br>KAMAL KUMAR BARJATYA<br>RAJKUMAR BARJATYA |

*Produced by*..................**T. C. BARJATYA**

*Directed by*.................. **P. BHASKARAN**

ഞങ്ങളുടെ അടുത്ത മലയാള ചിത്രങ്ങൾ!!

സുപ്രിയായുടെ

## കരകാണാക്കടൽ

(കളർ)

സത്യൻ, മധു, ജയഭാരതി etc.

സംവിധാനം: K. S. സേതുമാധവൻ

ചിത്രാഞ്ജലിയുടെ

## ഇൻക്വിലാബ് സിന്ദാബാദ്

സത്യൻ, ഷീല, ജയഭാരതി etc.

നിർമ്മാണം: കെ. എസ്സ്. ആർ. മൂർത്തി.

സംവിധാനം: K. S. സേതുമാധവൻ

സുചിത്രമഞ്ജരിയുടെ

## വിലയ്ക്കു വാങ്ങിയ വീണ

പ്രേംനസീർ, മധു etc.

സംവിധാനം: പി. ഭാസ്കരൻ.

സർഗ്ഗം പിക്ച്ചേഴ്സിന്റെ

## ഉമ്മാച്ചു

സത്യൻ, ഷീല, അടൂർ ഭാസി etc.

കഥ-സംഭാഷണം: ഉറൂബ്.

സംവിധാനം: പി. ഭാസ്കരൻ.

ചിത്രാഞ്ജലിയുടെ

## ഏണിപ്പടികൾ

സത്യൻ, ഷീല, മധു etc.

നിർമ്മാണം: കെ. എസ്സ്. ആർ. മൂർത്തി

സംവിധാനം: K. S. സേതുമാധവൻ

ജനനി ഫിലിംസിന്റെ

## ജീവിതം

പ്രേംനസീർ, അടൂർ ഭാസി etc.

സംവിധാനം: പി. ഭാസ്കരൻ

**Rajshri Pictures (P) Ltd.**

Ernakulam - Trivandrum - Calicut.

Chandralekha Printers, Cochin-18. Phone: 33082